**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1470 — 03.05.2017 ൽ മറുപടിക്ക്

**കെ-ഫോൺ പദ്ധതി**

**ശ്രീ. മഞ്ഞളാംകുഴി അലി** — **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)**

| ചോദ്യം | | മറുപടി |
|---|---|---|
| എ) സാർവ്വത്രിക അടിസ്ഥാന ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനായി സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ള കെ-ഫോൺ പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; | (എ) | കെ-ഫോൺ പദ്ധതിയുടെ മാർഗരേഖ തയ്യാറാക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ഇതിനായി ഒരു കൺസൾട്ടന്റിനെ നിയോഗിച്ചിട്ടുണ്ട് |
| ബി) പ്രസ്തുത പദ്ധതിയ്ക്കായി എന്തെല്ലാം അടിസ്ഥാന സൗകര്യം ഒരുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; | (ബി) | കെ.എസ്.ഇ.ബിയുടെ വൈദ്യുതി പ്രസരണ വിതരണ ശൃംഖല വഴിയാണ് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ ടെലികോം / ഇന്റർനെറ്റ് കേബിൾ സർവീസ് ദാതാക്കൾക്ക് ഈ നെറ്റ് വർക്ക് ഉപയോഗിച്ച് വിവിധ സേവനങ്ങൾ നൽകുവാൻ സാധിക്കുന്നതാണ്. |
| സി) സംസ്ഥാനത്തെ വിവര സാങ്കേതിക വിദ്യാ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് അനിവാര്യമായിട്ടുള്ളത്; പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങൾ ഈ രംഗത്ത് കൊണ്ടുവരാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദാംശം ലഭ്യമാക്കുമോ ? | സി) | സംസ്ഥാനത്ത് നിലവിൽ വേഗതയേറിയ ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ അഭാവം നേരിടുന്നുണ്ട്. ഈ ഫൈബർ ഒപ്റ്റിക് ശൃംഖല സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്ത് അതിവേഗ ബ്രോഡ്ബാൻഡ് കണക്ടിവിറ്റി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഐ.ടി പാർക്കുകൾ, സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉയർന്ന വേഗതയുള്ളതും സ്ഥിരത ഉള്ളതുമായ ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ സാധിക്കും. ഇ-ഹെൽത്ത്, ഇ-ലേണിംഗ്, ട്രാഫിക് മാനേജ്മെൻറ്, വീഡിയോ കോൺഫറൻസിംഗ്, വീഡിയോ സർവെയ് ലൻസ്, വീഡിയോ ഓൺ ഡിമാൻറ് തുടങ്ങിയ മേഖലകളിൽ വൻ വളർച്ച നേടാൻ ഇതിലൂടെ സാധിക്കും. |

സെക്ഷൻ ഓഫീസർ